ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ആൽക്കോ സ്കാൻ വാനിന്റെ റൂറൽ ജില്ലയിലെ പ്രവർത്തനം വഴക്കുളത്ത് തുടങ്ങി. കല്ലൂർക്കാട് ഇൻസ്പെക്ടർ കെ.ഉണ്ണികൃഷ്ണൻ ഫ്ലാഗ് ഓഫ് ചെയ്തു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ ഉമനീർ പരിശോധനയിലൂടെ ലഹരി ഉപയോഗം കണ്ടെത്തുന്ന ആധുനിക സംവിധാനമാണ് വാഹനത്തിൽ ക്രമീകരിച്ചിട്ടുള്ളത്. ലഹരി ഉപയോഗിച്ച് വാഹനമോടിക്കുമ്പോഴുണ്ടാകുന്ന അപകടം കുറയ്ക്കുക എന്നതാണ് ലക്ഷ്യം..